(ബി) വയ്യാങ്കര ചിറ ടൂറിസം പദ്ധതി വൈകുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്;

(ഡി) എന്തൊക്കെ വികസന പദ്ധതികളാണ് ഈ ടൂറിസം പദ്ധതിയുടെ ഭാഗമായി ഇവിടെ ആരംഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വയ്യാങ്കരയിലെ ടൂറിസം വികസനം സംബന്ധിച്ച് ഇക്കോടൂറിസം ഡയറക്ടർ സമർപ്പിച്ചിരുന്ന പദ്ധതിയിൽ ചില ഭേദഗതികൾ ആവശ്യമായി കണ്ടതിനാൽ അനുയോജ്യമായ മാറ്റം വരുത്തി സർക്കാർ എഞ്ചിനീയർ അംഗീകരിച്ച എസ്റ്റിമേറ്റുകൾ സഹിതം സമർപ്പിക്കുവാൻ ആലപ്പുഴ ഡി.റ്റി.പി.സി.-യോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(ബി) & (സി) ഡി.റ്റി.പി.സി.-യിൽ നിന്നും വിശദമായ പദ്ധതി ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകി എത്രയും വേഗം പദ്ധതി നടപ്പാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ബോട്ടിംഗ്, ആംഗ്ലിംഗ്, പക്ഷിനിരീക്ഷണത്തിനുള്ള സൗകര്യം, ലഗൂണിന്റെ വശത്തുകൂടി സൈക്കിൾ സവാരിക്കുള്ള സൗകര്യം, സ്വിമ്മിംഗ് പൂൾ, ഏറപ്പൻപാറ വെള്ളച്ചാട്ടം സന്ദർശിക്കാനുള്ള സൗകര്യം മുതലായവയാണ് ഉദ്ദേശിക്കുന്നത്.

പെരുവണ്ണാമൂഴി ഇക്കോടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി

256 [1209] *ശ്രീ. ടി. പി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുവണ്ണാമൂഴി ഇക്കോടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ടൂറിസവുമായി ബന്ധപ്പെട്ട പെരുവണ്ണാമൂഴിയുടെ സമീപത്തുള്ള റോഡുകൾ വികസിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ റോഡുകളുടെ പേരു വിവരം വെളിപ്പെടുത്താമോ;

(ഡി) ഇത്തരം റോഡുകളുടെ വികസനം സംബന്ധിച്ചുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പേരാൻമ്പറ - പെരുവണ്ണാമൂഴി റോഡിന്റെ പുനരുദ്ധാരണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) പണിതുടങ്ങാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

ഇക്കോടൂറിസം സെന്ററുകളുടെ എണ്ണം

257 [1210] *ശ്രീ. കെ. മോഹൻകുമാർ:*

„ *വി. ജെ. പൗലോസ്:*

„ *എം. കെ. പോൾസൺ മാസ്റ്റർ:*

„ *പ്രതാപവർമ്മ തമ്പാൻ:*

„ *വി. ഡി. സതീശൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ എവിടെയെല്ലാമാണ് ഇക്കോടൂറിസം പദ്ധതി നടപ്പാക്കിയിട്ടുള്ളത്;

(ബി) ഇനി എവിടെയെല്ലാം ഈ പദ്ധതി നടപ്പാക്കുന്നതിനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇപ്പോൾ കേരളത്തിൽ താഴെപ്പറയുന്ന സ്ഥലങ്ങളിൽ ഇക്കോടൂറിസം പദ്ധതി ആവിഷ്കരിച്ചു കഴിഞ്ഞു.

സെന്ററുകൾ	*ജില്ല*
തെന്മല, പാലരുവി	കൊല്ലം
കല്ലാർ	തിരുവനന്തപുരം
തേക്കടി	ഇടുക്കി
ഇരുട്ടി	കണ്ണൂർ

(ബി) താഴെപ്പറയുന്ന സ്ഥലങ്ങളിൽ ഇക്കോടൂറിസം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

സെന്ററുകൾ	*ജില്ല*
കോന്നി	പത്തനംതിട്ട
ഇരവികുളം. തൊമ്മൻകുത്ത്, ചിന്നാർ	ഇടുക്കി
ചിമ്മിണി	തൃശ്ശൂർ
നിലമ്പൂർ	മലപ്പുറം
പറമ്പിക്കുളം, നെല്ലിയാമ്പതി	പാലക്കാട്
പൈതൽമല	കണ്ണൂർ

LIBRARY ARCHIVES Kerala Legislative Assembly